**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1573** **10-10-2024 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | നിലവിൽ ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജികരിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾ പുരാവസ്തു വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കിയിരുന്നത് മ്യൂസിയം നോഡൽ ഏജൻസിയായിരുന്ന കേരളം ചരിത്ര പൈതൃക മ്യൂസിയം ആണ്. പ്രസ്തുത എസ്റ്റിമേറ്റ് കേരളം മ്യൂസിയം പുതുക്കി സമർപ്പിച്ചിട്ടുള്ളതും ആയതിന് പുതുക്കിയ ഭരണാനുമതി സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരികയുമായിരുന്നു. ഈ ഘട്ടത്തിൽ ബഹു. പുരാവസ്തു പുരാരേഖാ മ്യൂസിയം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 04.07.2024. ന് കൂടിയ യോഗത്തിൽ നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം സജ്ജീകരണ പ്രവൃത്തികൾ നിർവഹിക്കുവാൻ തീരുമാനിക്കുകയുണ്ടായി. അതിൻ പ്രകാരം മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾ ആരംഭിക്കണമെന്ന് കാണിച്ച് പുരാവസ്തു വകുപ്പിൽ നിന്നും കേരളം മ്യൂസിയത്തിന് നിർദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത മ്യൂസിയം സജ്ജീകരണത്തിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (ബി) | ട്രാംവേയുടെ ചരിത്രം, ട്രാംവേ വാണിജ്യ രംഗത്തുണ്ടാക്കിയ സ്വാധീനം, ട്രാംവേയുടെ സാങ്കേതികവിദ്യയും ശാസ്ത്രവും എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള മ്യൂസിയം സജ്ജികരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | ട്രാംവേയുമായി ബന്ധപ്പെട്ട് മ്യൂസിയത്തിൽ പ്രദർശിപ്പിക്കേണ്ട പ്രദർശന വസ്തുക്കൾ ശേഖരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (സി) | പ്രദർശനവസ്തുക്കൾ ശേഖരിക്കുന്നതിനുള്ള നടപടികൾ നിലവിൽ ആരംഭിച്ചിട്ടില്ല. |
| (ഡി) | ട്രാംവേ റെയിൽ മ്യൂസിയം എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | മ്യൂസിയം സജ്ജീകരണത്തിനായി ഭരണാനുമതി നല്കി ഉത്തരവായിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ